LIBRARY ARCHIVES Kerala Legislative Assembly

കുളത്തൂർ എസ്റ്റേറ്റ് ഉടമയിൽ നിന്നും സർക്കാർ ഏറ്റെടുത്ത ഭൂമി

242 [2296] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാംപ്ര മണ്ഡലത്തിൽ ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് പ്രദേശത്ത് കുളത്തൂർ എസ്റ്റേറ്റ് ഉടമയിൽ നിന്നും നിയമ പ്രകാരം സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ നിന്നും ഒരു ഏക്കർ ഭൂമി പഞ്ചായത്തിന്റെ പൊതു ആവശ്യത്തിന് വിട്ടുകൊടുക്കണമെന്ന് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) പഞ്ചായത്തിന് നൽകാമെന്ന് സർക്കാർ ഉറപ്പു നൽകിയ ഭൂമി പ്രത്യേകമായി നിർണ്ണയിച്ചിട്ടുണ്ടോ;

(സി) ഭൂമി പഞ്ചായത്തിനു വിട്ടുകൊടുക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭൂമി ഏതെങ്കിലും കൈവശക്കാരന്റെയാണോ എന്ന് വെളിപ്പെടുത്താമോ;

(ഇ) എങ്കിൽ അവരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഭൂമി പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിനുള്ള നടപടി എപ്പോൾ പൂർത്തികരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുളത്തൂർ എസ്റ്റേറ്റിൽ ആദിവാസികൾക്ക് പതിച്ചുനൽകിയത് കഴിച്ച് ബാക്കിയുള്ള 10 ഏക്കർ ഭൂമിയിൽ 9 ഏക്കർ പട്ടികജാതി വികസന വകുപ്പിന് മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുവാനും ഒരു ഏക്കർ ഭൂമി പഞ്ചായത്തിന് വിട്ടുനൽകാനും നിർദ്ദേശം സമർപ്പിക്കുവാൻ തഹസിൽദാരോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി ആന്റ് ഡി) പഞ്ചായത്തിനു കൈമാറാൻ ഉദ്ദേശിക്കുന്ന ഒരു ഏക്കർ ഭൂമിയിൽ 5 സെന്റ് കൈയേറ്റമുണ്ട്.

(ഇ) 5 സെന്റ് കൈയേറ്റമുള്ളത് ഒഴിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഭൂമി കൈമാറ്റ നിർദ്ദേശം ജില്ലാ കളക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.